3. മുള		426 രൂപ (എല്ലാ നികുതികളും ഉൾപ്പെടെ) ഈ വനവിഭവങ്ങൾ ഓപ്പൺ മാർക്കറ്റിൽ വിൽക്കാറില്ല. വില നിജപ്പെടുത്തൽ നിയമം (1978) അനുസരിച്ച് ഇവയ്ക്ക് 1998-99 വർഷത്തിൽ ഉള്ള വില താഴെ കൊടുക്കുന്നു.
1.	യൂക്കാലിപ്റ്റസ് മറ്റു തടികളും	ഒരു ടണ്ണിന് 1000 രൂപയാണ്.
2.	മുളയ്ക്ക്	ഒരു ടണ്ണിന് 775 രൂപയാണ്.

മേൽപ്പറഞ്ഞ രണ്ടു ഇനങ്ങൾക്കും അഡീഷണൽ പ്രൈസ് 25 രൂപയും വന വികസന നികുതിയും മറ്റു നികുതികളും ഈടാക്കേണ്ടതാണ്.

(ഡി) നൽകിയിട്ടില്ല.

(ഇ) ഉദ്ദിക്കുന്നില്ല.

വനംമേഖലയിൽ നിന്നും തടി, പാറ, മണൽ ഇവ നീക്കം ചെയ്യുന്നതിന് നിരോധനം

70 (1125) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വനംമേഖലയിൽ നിന്നും തടി, പാറ, മണൽ ഇവ നീക്കം ചെയ്യുന്നതിന് നിരോധനം ഏർപ്പെടുത്തിയതു മൂലം ഈ മേഖലയിലെ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുകയും ഇവരുടെ കടുംബങ്ങൾ പട്ടിണിയിലാവുകയും ചെയ്തുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ നിരോധനം നീക്കി കിട്ടുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) റിട്ട് അപ്പീൽ നം. 202/95-ന് മേലുള്ള 12-12-1996- ലെ സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവുമൂലം വനഭൂമിയിലെ വനേതരപ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയും തന്മൂലം വനമേഖലയിൽ നിന്നും തടി, പാറ, മണൽ ഇവ വിപണനം ചെയ്യുന്ന തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളുടെ തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുകയും ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ ഉത്തരവ് ആയിട്ടില്ലാത്തതും ഇടക്കാല ഉത്തരവിൻമേൽ സംസ്ഥാനം നിലപാടു വ്യക്തമാക്കി സത്യവാങ്മൂലം ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഓരോ ഡിവിഷനുകളിലേയും, അനുമതി ആവശ്യമായ, 1980-നു മുൻപ് പ്രവർത്തിച്ചുവരുന്ന പാറമണൽ ശേഖരണ സെന്ററുകളുടെ സംക്ഷിപ്ത അപേക്ഷകൾക്ക് കേന്ദ്രസർക്കാരിന്റെ വനസംരക്ഷണ നിയമപ്രകാരമുള്ള മുൻകൂർ അനുമതി ലഭ്യമാക്കുകയാണ് ഇപ്പോൾ അനുവർത്തിച്ചു വരുന്ന രീതി. അതനുസരിച്ച് തൃശ്ശൂർ, കാലടി, മലയാറ്റൂർ, ചാലക്കുടി എന്നീ ഡിവിഷനുകളിൽ നിന്നും പാറ/ഗ്രാനൈറ്റ്/മണൽ എന്നിവ നീക്കുന്നതിന് അനുമതി ലഭിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly